# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 355      23.08.2017 -ൽ മറുപടിക്ക്

### വിനോദസഞ്ചാരമേഖലയുടെ പരിപോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) വിനോദസഞ്ചാര മേഖലയുടെ പരിപോഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ; | എ) വിനോദസഞ്ചാരികൾക്ക് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും മെച്ചപ്പെട്ടവ ഏർപ്പെടുത്തുന്നതിനും അവ മികച്ച രീതിയിൽ നിലനിർത്തുകയും ചെയ്യുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷിസൗഹൃദ കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഡി.ടി.പി.സി. മുഖേനയും, മറ്റ് ഏജൻസികൾ മുഖേനയും പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു, കൂടാതെ കെ.ടി.ഡി.സി, ബി.ആർ.ഡി.സി തുടങ്ങിയ ഏജൻസികൾ മുഖേന വിവിധ പ്രോജക്ടുകളും, ഹോസ്പിറ്റാലിറ്റി രംഗത്തുള്ള കിറ്റ്സ്, എഫ്.സി.ഐ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണം വിനോദസഞ്ചാര മേഖലയുടെ പരിപോഷണത്തിന് സഹായകരമാകുന്ന പദ്ധതി ആവിഷ്കരിച്ച വരുന്നു. കേരളത്തിലേയ്ക്കുള്ള വിദേശ ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥ വ്യതിയാനം, |

ടൂറിസ്റ്റുകൾ കുറവുള്ള മഴക്കാലം എന്നിവയെല്ലാം കണക്കിലെടുത്ത് ഓഫ് സീസൺ ക്യാമ്പയിൻ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നു. ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാന മായി മാറ്റുന്നതിനുള്ള ഓൺലൈൻ / ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരള ബ്ലോഗ് എക്സ് പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി മുഖാന്തിരം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ ടൂറിസം കേന്ദ്രങ്ങളുടെ വികസനം ലക്ഷ്യമിടുന്നു. സ്വദേശ വിദേശ ടൂറിസം സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചു വരുന്നു.

ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണാനുമതി നൽകിയ വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ബി) 14 ജില്ലകളിലെയും ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചുള്ള അവലോകന യോഗം 5.6.2017, 11.7.2017 എന്നീ തീയതികളിൽ നടത്തുകയുണ്ടായി.

വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും, കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എൻജിനീയർമാർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി അസംബ്ലി / നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എം.എൽ.എ. ചെയർമാനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ